# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22.09.2025**

### പ്രധാനവാർത്തകൾ

1. 2030-ഓടെ പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് 500 ജിഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുയാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അരുണാചൽ പ്രദേശിലും ത്രിപുരയിലുമായി വിവധ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

2. രാജ്യത്ത് ചരക്ക് സേവന നികുതി പരിഷ്ക്കാരങ്ങൾ പ്രാബല്യത്തിൽ വന്നു. പുതുതലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കുമെന്ന് പ്രധാനാമന്ത്രി.

3. പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി 'നോർക്ക കെയർ' അൽപ്പസമയത്തിനകം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും .

4. നവരാത്രി വിഗ്രഹ ഘോഷയാത്ര അൽപ്പസമയത്തിനകം ശ്രീ പത്മനാഭ സ്വാമിക്ഷേത്രത്തിലെത്തിച്ചേരും . തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം.

RNU TVPM

5. ഏഷ്യ കപ്പ് ക്രിക്കറ്റിൽ പാക്കിസ്ഥാൻ നാളെ ശ്രീലങ്കയെ നേരിടും. ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി സന്ദർശനം

2030-ഓടെ പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് 500 ജിഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുയാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അരുണാചൽപ്രദേശിൽ 5,100 കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് തുടക്കം കുറിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ പ്രയോജനങ്ങൾ ലഭിക്കുന്നവരിൽ ഏറെയും സ്ത്രീകളായിരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഈ പരിഷ്കാരങ്ങൾ പ്രതിമാസ ഗാർഹിക ചെലവുകൾ ലഘൂകരിക്കുകയും സമ്പാദ്യം വർദ്ധിപ്പിക്കുകയും ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. തുടർന്ന് ത്രിപുരയിൽ എത്തിയ ശ്രീ നരേന്ദ്ര മോദി പ്രസാദ് പദ്ധതിക്ക് കീഴിൽ മാതാ ത്രിപുര സുന്ദരി ക്ഷേത്രത്തിലെ വിവിധ വികസന പദ്ധതികളും ഉദ്ഘാടനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## നോർക്ക കെയർ

PNUTVPM

പ്രവാസികളായ കേരളീയർക്കും കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി 'നോർക്ക കെയർ' ഇന്ന് നിലവിൽ വരും. പദ്ധതിയുടെ ഉദ്ഘാടനം അൽപ്പ സമയത്തിനകം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയും.

❋❋❋❋❋❋❋❋❋❋❋❋❋

PNU TVPM

## ജി.എസ്.ടി - കേരളം

ചരക്ക്-സേവന നികുതി പരിഷ്ക്കരണം പ്രാബല്യത്തിൽ വന്നു. ഇതോടെ 12, 28 ശതമാനം സ്ലാബുകൾ ഒഴിവാക്കി അഞ്ച്, 18 ശതമാനം എന്നിങ്ങനെ രണ്ട് സ്ലാബുകളായി ചുരുങ്ങി. 99 ശതമാനം ഉത്പന്നങ്ങൾക്കും 5 ശതമാനം മാത്രമായിരിക്കും നികുതി.

❋❋❋❋❋❋❋❋❋❋❋❋❋

## ജി.എസ്.ടി -ബാലഗോപാൽ

ജി.എസ്.ടി പരിഷ്ക്കരണം നിലവിൽ വന്നതോടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ പറഞ്ഞു. പരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് നിരീക്ഷിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## ജോർജ്ജ് കുര്യൻ

GST പരിഷ്ക്കരണം നിലവിൽ വന്നശേഷം കേന്ദ്ര സഹമന്ത്രി മന്ത്രി ജോർജ് കുര്യൻ കോഴിക്കോട് വലിയങ്ങാടിയിലെ കടകളിൽ സന്ദർശനം നടത്തി. വ്യാപാരികളുമായി സംവദിച്ചു. വ്യാപാരികൾ പരിഷ്ക്കരണത്തെ സ്വാഗതം ചെയ്തു.

RIJU TVPM

## വികസന സദസ്-ഇൻട്രോ

സംസ്ഥാന സർക്കാരിൻ്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും ഭാവി വികസനത്തിനായുള്ള നിർദേശങ്ങൾ സ്വീകരിക്കാനുമായി സംഘടിപ്പിച്ച 'വികസന സദസിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു. സംസ്ഥാനത്തിൻറെ ഭാവി

വികസനപദ്ധതികളിൽ ജനങ്ങളെ കൂടി ഉൾപ്പെടുത്തുകയാണ് വികസന സദസ്സിൻറെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ്)..........

മന്ത്രി എം.ബി.രാജേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ എന്നിവർ മുഖ്യാതിഥികളായി.

❁❁❁❁❁❁❁❁❁❁❁❁❁

**ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ**

RIUTVPM

71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ നാളെ വിതരണം ചെയ്യും. ജവാൻ, 12th ഫെയിൽ എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് മികച്ച നടനുള്ള പുരസ്ക്കാരം ഷാരൂഖ് ഖാനും വിക്രാന്ത് മാസിയ്ക്കും സമ്മാനിക്കും. റാണി മുഖർജിക്കാണ് മികച്ച നടിക്കുള്ള പുരസ്ക്കാരം. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള അവാർഡ് ഉർവശിയും ഏറ്റുവാങ്ങും. ചടങ്ങിൽ നടൻ മോഹൻലാലിന് 2023 ലെ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം സമ്മാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**പത്തനംതിട്ട -ഇൻട്രോ**

ദാദാ സാഹിബ് ഫാൽകെ പുരസ്കാരം നടൻ മോഹൻലാലിന് ലഭിച്ചതിൻ്റെ സന്തോഷത്തിലാണ് അദ്ദേഹത്തിൻറെ ജന്മ നാടായ പത്തനംതിട്ടയിലെ ഇലന്തൂർ ഗ്രാമവും പുന്നയ്ക്കൽ തറവാടും. പായസമടക്കം മധുരം വിളമ്പിയാണ് ഈ സന്തോഷം ആഘോഷിച്ചത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി***

***ശ്രീജി എസ് ശ്രീധർ.................***

***(വോയിസ്)***

RNU TVPM

**സേവാ പർവ് -ഇൻട്രോ**

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, നഗരങ്ങളിലെ ഭവന നിർമ്മാണവും , ഗതാഗത വികസനത്തിലെ ദ്രുതഗതിയിലുള്ള മുന്നേറ്റങ്ങളും പ്രതിഫലിക്കുന്നു . അതിനായി സ്വീകരിച്ച നടപടികളെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്....

(വോയിസ്)

**നവരാത്രി പൂജ**

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായുള്ള നവരാത്രി വിഗ്രഹ ഘോഷയാത്രയ്ക്ക് നേമത്ത് ഔദ്യോഗിക സ്വീകരണം നൽകി. ഘോഷയാത്ര അൽപ്പ സമയത്തിനകം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തിച്ചേരും . ഘോഷയാത്ര കടന്നുപോകുന്ന സമയങ്ങളിൽ തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിൽ പള്ളിച്ചൽ മുതൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രം വരെയുള്ള റോഡിൽ ആവശ്യമായ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി പോലീസ് അറിയിച്ചു . രാത്രി 8.00 വരെ ആയിരിക്കും നിയന്ത്രണം.

RNU TVPM

**സർഗ്ഗോത്സവം**

ചാലപ്പുറം കേസരി ഭവനിൽ നടക്കുന്ന നവരാത്രി സർഗ്ഗോത്സവം കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു . ചലച്ചിത്ര നടിയും സർഗ്ഗോത്സവ സമിതി അധ്യക്ഷയുമായ വിധുബാല പരിപാടിയിൽ അധ്യക്ഷത വഹിച്ചു. പ്രശസ്ത സംഗീത സംവിധായകൻ ഔസേപ്പച്ചൻ മുഖ്യാതിഥിയായി.

**ഏഷ്യ കപ്പ്**

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം മറ്റന്നാൾ. രാത്രി എട്ടിന് ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ. ഇന്നലെ നടന്ന മത്സരത്തിൽ ടീം ഇന്ത്യ പാക്കിസ്ഥാനെ ആറു വിക്കറ്റിന് കീഴടക്കിയിരുന്നു. നാളെ പാകിസ്ഥാൻ, ശ്രീലങ്കയെ നേരിടും.

**വി അബ്ദുറഹിമാൻ -അർജൻറീന**

RNUTVPM

അർജൻറീന ടീം കളിക്കുക കലൂർ സ്റ്റേഡിയത്തിൽ തന്നെ യെന്ന് കായിക വകുപ്പുമന്ത്രി. വി.അബ്ദുറഹ്മാൻ. ഒരുക്കങ്ങൾ തകൃതിയിൽ നടന്നു വരികയാണെന്നും മന്ത്രി നിലമ്പൂരിൽ പറഞ്ഞു.

**സ്വച്ഛിതാ ഹി സേവ**

സ്വച്ഛിതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായി സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ്റെ സംയോജിത ബോധവത്കരണ പരിപാടിയുടെ മുന്നോടിയായി തിരുവനന്തപുരം വേളിയിൽ കടൽ തീരശുചീകരണ യജ്ഞം സംഘടിപ്പിച്ചു. തിരുവനന്തപുരം ഗവൺമെന്റ്

എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ,എൻസിസി, എൻഎസ്എസ് വോളണ്ടിയർമാർ എന്നിവർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**ആയുർവേദ ദിനം**

നാളെ ലോക ആയുർവേദ ദിനം . ആയുർവേദം വെറുമൊരു ആരോഗ്യ സംരക്ഷണ സംവിധാനമല്ല, മറിച്ച് വ്യക്തിക്കും പരിസ്ഥിതിക്കും ഇടയിലുള്ള ഐക്യത്തിന്റെ തത്വത്തിൽ വേരൂന്നിയ ഒരു ജീവശാസ്ത്രമാണെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ് പറഞ്ഞു. "ജനങ്ങൾക്കും ഗ്രഹത്തിനും വേണ്ടിയുള്ള ആയുർവേദം" എന്നതാണ് ഈ വർഷത്തെ ആയുർവേദ ദിന പ്രമേയം

❁❁❁❁❁❁❁❁❁❁❁❁❁

**ആയുർവേദ ദിനാചരണം**

പത്താമത് ആയുർവേദ ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നാളെ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും. ദിനാചരണത്തോടനുബന്ധിച്ച് 14.39 കോടി രൂപയുടെ 12 പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും . വി.കെ. പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ഓഹരി+സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 466 പോയിന്റ് താഴ്ന്ന് 82,160 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 125 പോയിന്റ് നഷ്ടത്തിൽ 25,202 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണ്ണവില വിലയിൽ റെക്കോർഡ് വർദ്ധന. ഗ്രാമിന് 85 രൂപ വർദ്ധിച്ച് 10,365 രൂപയും പവന് 680 രൂപ വർദ്ധിച്ച് 82,920 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM